**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142** **13-02-2025 - ൽ മറുപടിയ്ക്ക്**

**പച്ചക്കറിയുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പച്ചക്കറിക്ക് വിലക്കയറ്റം ഉണ്ടാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിലക്കയറ്റത്തിനുള്ള പ്രധാന കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പച്ചക്കറികൾക്ക് നിലവിൽ ക്രമാതീതമായ വിലക്കയറ്റം ഉണ്ടായിട്ടില്ല. **എന്നാൽ ഓണക്കാലം, ഉത്സവകാലം തുടങ്ങിയ സീസണുകളിൽ ആവശ്യകത വർദ്ധിക്കുന്നതിനാൽ പച്ചക്കറിവിലയിൽ വർദ്ധനവ് രേഖപ്പെടുത്താറുണ്ട്. കൂടാതെ പച്ചക്കറികളുടെ ഉത്പാദന ചെലവ് വർദ്ധിക്കൽ, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന വിള നഷ്ടം, ഉല്പാദനകുറവ്, കേരളത്തിൽ ഉല്പാദനം കുറവായതും അന്യസംസ്ഥാനങ്ങളെ അശ്രയിക്കേണ്ടിവരുന്നതുമായ പച്ചക്കറികളുടെ വില, ഇന്ധന വില വർദ്ധനവ് തുടങ്ങിയ കാരണങ്ങളാലും പച്ചക്കറി വിലയിൽ വർദ്ധനവ് രേഖപ്പെടുത്താറുണ്ട്.** |
| (ബി) | പച്ചക്കറി ഉല്പാദനത്തിൽ സംസ്ഥാനത്തിന് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ; | (ബി) | പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് സർക്കാർ ലക്ഷ്യം. നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. 2022-23 വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 17.10 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്യുന്നതിനു സാധ്യമായി. 2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.<br><br>2028-29 സാമ്പത്തിക വർഷത്തോടെ പച്ചക്കറി ഉൽപാദനത്തിൽ ഘട്ടം ഘട്ടമായി സ്വയംപര്യാപ്തതയിൽ എത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ജനകീയ പങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും സമഗ്ര പച്ചക്കറി ഉൽപ്പാദന |

യജ്ഞം തുടക്കം കുറിക്കുകയാണ്. ഈപദ്ധതിയിൽ സമഗ്ര കാഴ്ചപ്പാടോടെ കൃഷി വകുപ്പിന്റെ വിവിധ കാർഷിക പദ്ധതികൾ സംയോജിപ്പിക്കുകയും വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതി ആസൂത്രണം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ യോഗം ചേരുകയും ഇക്കാര്യത്തിനായി ഒരു ജനകീയ പദ്ധതി ആസൂത്രണം ചെയ്ത് അടുത്ത അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ പച്ചക്കറിയിൽ സ്വയം പര്യാപ്തതയിൽ എത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ''സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം'' എന്ന പേരിൽ ആരംഭിക്കുന്ന ഈ ജനകീയ പദ്ധതിയിൽ വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ, സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കുവാനും തദ്ദേശഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും നേതൃത്വം നൽകുവാനും തീരുമാനിച്ചു. പദ്ധതി പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്.

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയും സുരക്ഷിത പച്ചക്കറികളുടെ ഉൽപ്പാദനവും ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും, വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം ഉണർത്തുവാനും പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുവാനും ഉദ്ദേശിച്ച് സ്കൂളുകൾ, കോളേജുകൾ കേന്ദ്രീകരിച്ച് പച്ചക്കറി പദ്ധതികൾ നടപ്പിലാക്കുക എന്നിവ ലക്ഷ്യത്തിൽപ്പെടുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സങ്കരയിനങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി വിത്തുകളുടെയും തൈകളുടെയും വിതരണം, പോഷകത്തോട്ടങ്ങളുടെ രൂപീകരണം, ദീർഘകാല പച്ചക്കറി വിളകളുടെ തൈ വിതരണം, പച്ചക്കറി തൈകളോട്ടു കൂടിയ മൺചട്ടി/ HDPE ചട്ടികളുടെ വിതരണം, മഴമറ നിർമ്മാണം എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ എന്നിവയിലൂടെയുള്ള പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി, പരമ്പരാഗത ഇനങ്ങളുടെ പച്ചക്കറി കൃഷി, തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയും ലക്ഷ്യങ്ങളാണ്.

ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നല്കി "പോഷക സമൃദ്ധി മിഷൻ", സുരക്ഷിത പച്ചക്കറിക്കായി "ജൈവ കാർഷിക മിഷൻ" മുതലായവയും മേഖലയിലെ ഇടപെടലുകളാണ്.

കൃഷി സമൃദ്ധി പദ്ധതിയുടെ ഭാഗമായി 107 തദ്ദേശ ഭരണ സ്ഥാപനങ്ങളെ ആദ്യഘട്ടത്തിൽ തെരെഞ്ഞെടുത്ത് പച്ചക്കറി കൃഷി പ്രോത്സാഹനവും ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷങ്ങളിൽ കൃഷി സമൃദ്ധി പദ്ധതി കൂടുതൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതോടെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഉറസ്സായ സ്ഥലത്തെ കൃത്യതാകൃഷി, സങ്കരയിനം പച്ചക്കറിതൈ വിതരണം, പോഷകത്തോട്ടം, മഴമറ നിർമ്മാണം എന്നീ ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യപ്തത കൈവരിക്കുവാൻ സാദ്ധ്യമാകും.

തരിശു ഭൂമികൾ കൃഷിയോഗ്യമാക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന നവോഥാൻ പദ്ധതിയിൻ കീഴിൽ കൂടുതൽ കൃഷിയിടങ്ങൾ കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും കർഷക ഉദ്പാദന സംഘടനകൾക്കും കണ്ടെത്തി നൽകി വാണിജ്യ അടിസ്ഥാനത്തിലും പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലും പച്ചക്കറികൃഷിപ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഹൈടെക് കൃഷി രീതികൾ അനുവർത്തിച്ച് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാൽ ഉദ്പാദനക്ഷമത വർദ്ധിപ്പിക്കുവാനും കാലാവസ്ഥാ വ്യതിയാനം, കീടരോഗ ശല്യം എന്നിവ ചെറുക്കുവാനും സാദ്ധ്യമാകും.

കേന്ദ്രാവിഷ്കൃത പദ്ധതികളായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) എന്നിവയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖേന നടപ്പിലാക്കി വരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി വിത്തുൽപ്പാദനത്തിനായി ഹെക്ടറിന് 35,000 രൂപ നിരക്കിൽ പൊതുമേഖല സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി MIDH വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. MIDH പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് സങ്കരയിനം പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 20,000 രൂപനിരക്കിൽ ധനസഹായം നൽകി വരുന്നു. ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം ആകെ 255.5 ലക്ഷം രൂപ പച്ചക്കറി വിത്തുൽപ്പാദനത്തിനും 1104.291 ലക്ഷം രൂപ ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിനിയോഗിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പച്ചക്കറിയുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പല പച്ചക്കറികൾക്കും കഴിഞ്ഞ വർഷത്തെ ഇതേ സമയത്തെ താരതമ്യ വിലയാണ് നിലവിലുള്ളത്. ചെറിയ ഉള്ളി, മുരിങ്ങയ്ക്ക, സവാള, ഏത്തക്കായ് എന്നിവയ്ക്ക് മാത്രമാണ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് താരതമ്യേന വില കൂടുതൽ.<br><br>ഇതിൽ ചെറിയ ഉള്ളിയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി തമിഴ്നാട്ടിലെ പേരാമ്പലൂർ ജില്ലയിൽ നിന്നും ഹോർട്ടികൾച്ചർ മാർക്കറ്റിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ഫാർമർ പ്രൊഡ്യൂസർ കമ്പനിയിൽ നിന്നും നേരിട്ട് ചെറിയ ഉള്ളി വാങ്ങി വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നാടൻ ഏത്തക്കുലയ്ക്ക് വിപണിയിൽ കഴിഞ്ഞ വർഷത്തേക്കാൾ വിലകൂടുതലാണ്. അത് ഒരു താൽക്കാലിക പ്രതിഭാസമാണ്. മറ്റ് ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും നാടൻ ഏത്തക്കുല സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ